**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4517** **01-07-2024 - ൽ മറുപടിയ്ക്ക്**

**സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗ നഗറുകളിലും വീട്ടുകളിലും സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണവും വീട്ടുടമകൾക്ക് വരുമാനവും ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് '**ഹരിത ഊർജ്ജ വരുമാന പദ്ധതി**'. ഈ പദ്ധതി പ്രകാരം ലൈഫ് മിഷൻ/പുനർഗേഹം/ ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്നു. പാലക്കാട് ജില്ലയിലെ നടുപ്പതി ആദിവാസി നഗറിലും, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി 18 എസ്.സി/ എസ്.ടി. ഗാർഹിക ഉപഭോക്താ ക്കൾക്ക് 2022-ലും, പെരുമാട്ടി ഗ്രാമ പഞ്ചായത്തിന് കീഴിൽ 8 എസ്.ടി. നഗറുകളിലായി 48 ഗാർഹിക ഉപഭോക്താക്കൾക്ക് 2023-ലും, 2 kW സോളാർ പ്ലാന്റ് വീതം സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കിയിട്ടുണ്ട്. 1 kW - ന 4 യൂണിറ്റ് എന്ന രീതിയിൽ 2 kW പ്ലാന്റിൽ നിന്നും ഒരു മാസത്തേക്ക് ഏകദേശം 240 യൂണിറ്റ് വൈദ്യുതി ലഭിക്കുകയും, തന്മാസ ഉപഭോഗം കഴിച്ചു ബാക്കി യൂണിറ്റ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗ്രിഡിലേക്കു നൽകുകയും, ഇപ്രകാരം ഗ്രിഡിലേക്കു നൽകുന്ന ആകെ യൂണിറ്റിന്, സാമ്പത്തിക വർഷത്തിനൊടുവിൽ റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ച് വരുമാനം ലഭിക്കുന്നതുമാണ്. ഇതിനായി 2022-23 ൽ |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിരിക്കുന്ന നിരക്ക് യൂണിറ്റിന് 2.69 രൂപയാണ്. |
| (ബി) | നിലവിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ്ജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് '**ഹരിത ഊർജ്ജ വരുമാന പദ്ധതി**'. ഈ പദ്ധതി പ്രകാരം ലൈഫ് മിഷൻ/പുനർഗേഹം/ ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചു നൽകുന്നു. പാലക്കാട് ജില്ലയിലെ നടുപ്പതി ആദിവാസി നഗറിലും, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി 18 എസ്.സി/ എസ്.ടി. ഗാർഹിക ഉപഭോക്താ ക്കൾക്ക് 2022-ലും, പെരുമാട്ടി ഗ്രാമ പഞ്ചായത്തിന് കീഴിൽ 8 എസ്.ടി. നഗറുകളിലായി 48 ഗാർഹിക ഉപഭോക്താക്കൾക്ക് 2023-ലും, 2 kW സോളാർ പ്ലാന്റ് വീതം സ്ഥാപിച്ച് സൗരോർജ്ജം ലഭ്യമാക്കിയിട്ടുണ്ട്. 1 kW - ന് 4 യൂണിറ്റ് എന്ന രീതിയിൽ 2 kW പ്ലാന്റിൽ നിന്നും ഒരു മാസത്തേക്ക് ഏകദേശം 240 യൂണിറ്റ് വൈദ്യുതി ലഭിക്കുകയും, തന്മാസ ഉപഭോഗം കഴിച്ചു ബാക്കി യൂണിറ്റ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗ്രിഡിലേക്കു നൽകുകയും, ഇപ്രകാരം ഗ്രിഡിലേക്കു നൽകുന്ന ആകെ യൂണിറ്റിന്, സാമ്പത്തിക വർഷത്തിനൊടുവിൽ റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ച് വരുമാനം ലഭിക്കുന്നതുമാണ്. ഇതിനായി 2022-23 ൽ നിശ്ചയിച്ചിരിക്കുന്ന നിരക്ക് യൂണിറ്റിന് 2.69 രൂപയാണ്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ